# CURRENT AFFAIRS 01 SEP 2024



ബി. ശ്രീനിവാസൻ

- **നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ (NSG) പുതിയ ഡയറക്ടർ ജനറലായി നിയമിതനായത്**
  ബി. ശ്രീനിവാസൻ



- **73000 സെമി-ഓട്ടോമാറ്റിക് ആക്രമണ റൈഫിളുകൾ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന് 837 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ട രാജ്യം**
  അമേരിക്ക



- **2024 ആഗസ്റ്റിൽ കമ്മീഷൻ ചെയ്ത ഇന്ത്യയുടെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി**
  ഐ.എൻ.എസ്. അരിഘാത്
  - ശത്രുക്കളെ നശിപ്പിക്കുന്നവൻ എന്നർത്ഥമുള്ള അരിഹന്ത് ഗണത്തിൽപ്പെട്ട രണ്ടാമത്തെ അന്തർവാഹിനിയാണ് ഐ.എൻ.എസ്. അരിഘാത്.
  - വിശാഖപട്ടണത്തെ കപ്പൽനിർമ്മാണശാലയിലാണ് ഐ.എൻ.എസ്. അരിഘാത് നിർമ്മിച്ചത്.




- **കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക പീഡന പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി ആരംഭിച്ച പോർട്ടൽ**
  ഷീ-ബോക്സ്
  - ഈ പ്ലാറ്റ്ഫോം പരാതികൾ ഫയൽ ചെയ്യാനും അതിന്റെ സ്റ്റാറ്റസ് ട്രാക്ക് ചെയ്യാനും ഇന്റേണൽ കമ്മിറ്റികൾ സമയബന്ധിതമായി പരാതികൾ പ്രോസസ്സ് ചെയ്യാനും സൗകര്യമൊരുക്കുന്നു.

- **സ്ത്രീകളുടെ വിവാഹപ്രായം 21 വയസ്സായി ഉയർത്തുന്ന ബിൽ പാസാക്കിയ സംസ്ഥാനം**
  ഹിമാചൽ പ്രദേശ്
  - 2006-ലെ ശൈശവ വിവാഹ നിരോധന നിയമവും മറ്റ് അനുബന്ധ നിയമങ്ങളും ഭേദഗതി ചെയ്യാനും പെൺകുട്ടികളുടെ വിവാഹത്തിനുള്ള കുറഞ്ഞ പ്രായം 21 വയസ്സായി ഉയർത്താനും ബിൽ നിർദേശിക്കുന്നു.



- **രാജ്യത്തെ ഏറ്റവും വലിയ എയ്റോ ലോഞ്ച് നിലവിൽ വന്ന വിമാനത്താവളം**
  കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം